**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഇ പോസ് മെഷീൻ തകരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകളിലെ ഇ പോസ് മെഷീൻ സംവിധാനം തകരാറിലായി റേഷൻ വിതരണം തടസ്സപ്പെടുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വളരെ കുറച്ച് സമയത്തേക്ക് റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ട്. ഇ- പോസ് മെഷീൻ സംവിധാനം തകരാർ മൂലം റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. കേരള ഐ.ടി മിഷൻ, ഹൈദരാബാദ് എൻ.ഐ.സി എന്നീ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിച്ച് റേഷൻ വിതരണം വീണ്ടും സാധ്യമാക്കിയിട്ടുമുണ്ട്. ഈ വർഷം ജനുവരി, ജൂൺ, ഓഗസ്റ്റ് മാസങ്ങളിൽ ആപ്ലിക്കേഷൻ സെർവർ തകരാർ മൂലം റേഷൻ വിതരണം കുറച്ച് സമയത്തേക്ക് തടസ്സപ്പെട്ടിരുന്നു. |
| (ബി) | ഈ വർഷം ഇത്തരത്തിൽ എത്ര തവണ റേഷൻ വിതരണം തടസ്സപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാനത്തെ ഡാറ്റാ സെന്ററിനാണോ കേന്ദ്ര സെർവറുകൾക്കാണോ പ്രശ്നമെന്നത് വിലയിരുത്താൻ പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്തെ ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിൽ ഉണ്ടാകുന്ന നെറ്റ്.വർക്ക് എറർ കാരണം റേഷൻവിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി ഹൈദരാബാദ് എൻ.ഐ.സിയുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ |

| | | | |
|---|---|---|---|
| | | | ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇ പോസ് മെഷീൻ തകരാർ കണ്ടെത്തുന്ന സന്ദർഭങ്ങളിൽ ഒ.ടി.പി. ഉപയോഗിച്ച് റേഷൻ വിതരണം നടത്തുന്ന കണക്കും ഇ പോസിൽ ബയോമെട്രിക് വിതരണം നടത്തുന്ന കണക്കും താരതമ്യം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്ന സാഹചര്യത്തിൽ റേഷൻ കാർഡുകളിൽ ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പറിലേക്ക് വരുന്ന OTP ഉപയോഗിച്ചുള്ള റേഷൻവിതരണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ പരിശോധിക്കാറുണ്ട്. |
| (ഇ) | ഇപോസ് മെഷീൻ തകരാർ സംബന്ധിച്ച് സ്വതന്ത്ര ഏജൻസിയെ കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ഇത്തരമൊരു ഓഡിറ്റിനോ അന്വേഷണത്തിനോ സർക്കാർ തയാറാകുമോയെന്ന് അറിയിക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ